II ഇ.ബി. XIII- കേരള നിയമസഭ/VIII-6

പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2013 മാർച്ച് 25, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

19 (*151) ഔഷധസസ്യങ്ങൾ വെച്ചുപിടിപ്പിക്കുന്ന പദ്ധതി

വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ) നൽകിയ മറുപടിയിൽ, തിരുവനന്തപുരം വൈൽഡ് ലൈഫ് ഡിവിഷനിൽപ്പെട്ട ചോനാംപാറ, വാലിപ്പാറ, കൈതോട്, മാങ്കോട് എന്നീ ആദിവാസി സെറ്റിൽമെന്റുകളിൽ, പാലോട് ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡന്റേയും ഔഷധിയുടേയും സഹകരണത്തോടുകൂടി ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികൾവഴി 'ആരോഗ്യപച്ച' എന്ന ഔഷധസസ്യം വ്യാവസായികാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിനുള്ള ഒരു പദ്ധതി തയ്യാറാക്കിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. അഗസ്ത്യവനം അടക്കമുള്ള പ്രദേശങ്ങളിലെ അത്യപൂർവ്വമായ ഔഷധസസ്യങ്ങൾ ആദിവാസികളുടെയും ഇക്കോ സൊസൈറ്റികളുടെയും സഹായത്തോടെ കണ്ടെത്തി കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഔഷധസസ്യങ്ങളുടെ ശേഖരണവും അവയുടെ ഉപയോഗവുമായി ബന്ധപ്പെട്ട്

വാമൊഴിയായി കൈമാറിവരുന്ന വിവരങ്ങൾ നഷ്ടപ്പെടാതെ ആദിവാസികളുടെയിടയിൽത്തന്നെ കൈമാറത്തക്ക രീതിയിൽ ഡോക്കുമെന്റേഷൻ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കും. ആദിവാസികൾ ശേഖരിക്കുന്ന ഉൽപ്പന്നങ്ങൾ വനശ്രീ മുഖേന വനം വകുപ്പ് നേരിട്ട് ശേഖരിച്ച് ഔഷധി പോലുള്ള ഏജൻസികൾക്ക് കൈമാറുകയും പരമാവധി വില ലഭ്യമാക്കുകയും ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പറമ്പിക്കുളത്ത് രാസവളം ഉപയോഗിക്കാതെ ആദിവാസികൾ ഉൽപ്പാദിപ്പിക്കുന്ന കാർഷികോൽപ്പന്നങ്ങൾ പ്രത്യേകം ലേബൽ ചെയ്ത് പാക്കറ്റുകളിലാക്കി കൂടുതൽ വില ലഭിക്കത്തക്ക വിധത്തിൽ വിപണനം ചെയ്തുവരുന്നതോടൊപ്പം 140 ആദിവാസി കുടുംബങ്ങളിലെ 240 പേർക്ക് വനംവകുപ്പ് ജോലിയും നൽകിയിട്ടുണ്ട്. 700 ആദിവാസികൾക്ക് വാച്ചർമാരായി സ്ഥിര നിയമനം നൽകണമെന്ന ശുപാർശ ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. ആദിവാസി വെൽഫെയർ സൊസൈറ്റികൾക്ക് വനാതിർത്തിക്കുള്ളിലുള്ള  ഡാമുകളിൽ നിന്നും മത്സ്യബന്ധനം നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. വയനാട്ടിൽ വനത്തോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളിൽ ആദിവാസികളുടെ സഹകരണത്തോടുകൂടി തടയണകൾ കെട്ടുന്നതിനും ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. വനാതിർത്തികളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് വനവിഭവങ്ങൾ ശേഖരിക്കുന്നതിന് അനുമതി നൽകുന്നതിന് ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും വനംവകുപ്പിന്റെ പ്ലാന്റേഷനുകളിൽ നിന്നും അക്കേഷ്യയെ ഒഴിവാക്കി പാരമ്പര്യ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

20 (*152) ജനസൗഹൃദ പോലീസ്

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) നൽകിയ മറുപടിയിൽ, പോലീസും പൊതുജനങ്ങളുമായുള്ള ബന്ധം മെച്ചപ്പെടുത്തി കുറ്റകൃത്യങ്ങൾ കുറച്ചുകൊണ്ടുവരുന്നതിനായി ജസ്റ്റിസ് കെ. റ്റി. തോമസ് കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ കമ്മ്യൂണിറ്റി പോലീസിംഗ് (ജനമൈത്രീ പോലീസ് പദ്ധതി), സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി, ഫ്ളാഗ് ഷിപ്പ് പ്രോഗ്രാം ഓൺ ജെൻഡർ അവയർനസ്സ്, ICT Enabled help Desks (Information and Communication Technology), ടച്ച് സ്ക്രീൻ കിയോസ്ക്കുകൾ, സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്കുകൾ, ഫ്രണ്ട്സ് ജനസേവന കേന്ദ്രം വഴിയുള്ള പരാതി സ്വീകരിക്കൽ എന്നീ പദ്ധതികളാണ് കേരളാ പോലീസിനെ കൂടുതൽ ജനസൗഹൃദ സേനയായി രൂപപ്പെടുത്തുന്നതിന് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്ന് സഭയെ അറിയിച്ചു. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി എല്ലാ ഹൈസ്കൂളുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള ശ്രമം നടത്തുന്നതാണ്. പോലീസ് സേനയുടെ ആധുനികവൽക്കരണത്തിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി കേന്ദ്രസംസ്ഥാന സഹായത്തോടെ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളിലൂടെ പോലീസ് വകുപ്പിനാവശ്യമായ കെട്ടിടങ്ങൾ നിർമ്മിച്ച് നൽകുകയും വാഹനങ്ങൾ, അത്യാധുനിക ആയുധ സാമഗ്രികൾ, നൂതന സാങ്കേതിക സംവിധാനങ്ങൾ, സുരക്ഷയ്ക്കാവശ്യമായ ഉപകരണങ്ങൾ, കമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ, ഫോറൻസിക് ലാബിനാവശ്യമായ ഉപകരണങ്ങൾ, ശാസ്ത്രീയ കുറ്റാന്വേഷണം നടപ്പിലാക്കുന്നതിനുള്ള ഉപകരണങ്ങൾ എന്നിവ വാങ്ങി നൽകുകയും

ചെയ്തിട്ടുണ്ട്. ഓഫീസ് പ്രവർത്തനം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതോടൊപ്പം കുറ്റാന്വേഷണവും ക്രമസമാധാന പാലനവും വേർതിരിച്ച് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ ജില്ലകളിൽ നടപ്പിലാക്കിയതുപോലെ കൂടുതൽ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതുമാണ്. പോലീസിന്റെ അംഗസംഖ്യ ആൾ ഇന്ത്യാ ആവറേജിൽ എത്തിക്കുന്നതിനും അതിൽ 10% വനിതാ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനും ശ്രമിച്ചുവരികയാണ്. സംസ്ഥാനത്തൊട്ടാകെ വനിതകൾക്കെതിരായ അതിക്രമങ്ങൾ അന്വേഷിക്കുന്നതിനായി അഞ്ച് വനിതാ ഐ.പി.എസ്. ഓഫീസർമാർ അടങ്ങിയ വിമെൻ ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിച്ചിട്ടുണ്ട്. വനിതാ പോലീസ് സ്റ്റേഷനുകൾക്ക് വിപുലമായ അധികാരം നൽകിയിട്ടുണ്ടെന്നും അതിന്റെ പ്രവർത്തനപരിധി വിപുലപ്പെടുത്തി മാക്സിമം യൂട്ടിലൈസേഷൻ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണെന്നും ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

21 (*153) <u>പരമ്പരാഗത മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ</u>

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) നൽകിയ മറുപടിയിൽ, പരമ്പരാഗത മത്സ്യത്തൊഴിലാളികൾ നേരിടുന്ന തൊഴിൽപരവും സാമ്പത്തികവുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി തീരക്കടലിലെ മത്സ്യലഭ്യത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഫിഷറീസ് വകുപ്പ് വഴി ഓരോ വർഷവും 'സീറാഞ്ചിംഗ്' എന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. 2012-2013 വർഷത്തിൽ സംസ്ഥാനത്തെ 9 തീരദേശ ജില്ലകളിലായി സീറാഞ്ചിംഗ് പദ്ധതി വഴി 80.23 ലക്ഷം മത്സ്യ/കൊഞ്ച് വിത്തുകൾ നിക്ഷേപിക്കുകയുണ്ടായി. കൃത്രിമ മത്സ്യ

ആവാസ വ്യവസ്ഥകൾ സ്ഥാപിച്ച് മത്സ്യങ്ങളുടെ സ്വാഭാവിക പ്രജനനകേന്ദ്ര ങ്ങൾ ഒരുക്കി മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിനുവേണ്ടി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ മത്സ്യങ്ങൾ പ്രജനനം നടത്തുന്ന ജൂൺ 15 മുതൽ ജൂലൈ 31 വരെ പരിപൂർണ്ണ ട്രോൾബാൻ നടപ്പിലാക്കിവരു ന്നതിന്റെ ഫലമായി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മാത്രമേ മത്സ്യബ ന്ധനം നടത്തുന്നതിന് അനുവാദമുള്ളൂ. ഈ സമയത്ത് മത്സ്യബന്ധന ബോട്ടു കളിലെ തൊഴിലാളികൾക്ക് സൗജന്യ റേഷൻ നൽകുന്നുണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ തൊഴിൽ, സാമ്പത്തിക സൗകര്യങ്ങൾ മെച്ചപ്പെടു ത്തുന്നതിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി ആഴക്കടൽ മത്സ്യബന്ധന പരിപാടി നടപ്പിലാക്കിയിട്ടുണ്ട്. എല്ലാ ദിവസവും കടലിൽ പോകുന്നത് വർദ്ധിച്ച ഇന്ധനച്ചെലവുണ്ടാക്കുന്നതിനാൽ ആഴക്കട ലിൽപ്പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് ഐസ്ബോക്സ്, ദിശയറിഞ്ഞ് കര പറ്റുന്നതിനുതകുന്ന ജി.പി.എസ്., ലൈഫ് ജാക്കറ്റ്, മത്സ്യബന്ധന ഉപകരണ ങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വിമെൻ (സാഫ്) വഴി തൊഴിൽ, സാമ്പത്തിക സൗകര്യങ്ങൾ മെച്ചപ്പെ ടുത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിയതിനുപുറമേ മറ്റു മേഖലകളു മായി ബന്ധപ്പെട്ട പദ്ധതികൾക്കും വനിതാഗ്രൂപ്പുകൾക്ക് ധനസഹായം ലഭ്യമാ ക്കിയിട്ടുണ്ട്. ഏകദേശം 2100-ൽപ്പരം ചെറുകിട തൊഴിൽ സംരംഭങ്ങൾ തീരപ്രദേശങ്ങളിൽ ആരംഭിച്ചിട്ടുണ്ട്. ഈ വർഷം തണൽ പദ്ധതി പ്രകാരം ഒറ്റ ത്തവണ ധനസഹായമായി 1350 രൂപ വീതം നൽകുന്നതിന് 30 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന

ഉപകരണങ്ങൾ സ്വന്തമാക്കുന്നതിനാവശ്യമായ വായ്പ, വനിതകൾക്ക് പലിശ രഹിത വായ്പ, പ്രാഥമിക സഹകരണസംഘങ്ങൾക്ക് പ്രവർത്തന മൂലധനം, കെട്ടിടം, മറ്റ് സൗകര്യങ്ങൾ എന്നിവയ്ക്ക് ധനസഹായം, ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കി തീരദേശത്ത് മത്സ്യലേലം നടത്തി ന്യായവില ഉറപ്പു വരുത്തുന്നതിനുള്ള സഹായം, എഞ്ചിൻ, വല മുതലായവയ്ക്ക് സബ്സിഡി തുടങ്ങി വിവിധ സഹായങ്ങൾ മത്സ്യഫെഡ് വഴി പരമ്പരാഗത മേഖലയിലെ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്നുണ്ട്. മീൻപിടിക്കാവുന്ന ദൂരപരിധി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സ്പെസിഫൈഡ് ഏരിയ കണക്കാക്കി പരമ്പരാഗത മൽസ്യബന്ധന യാനങ്ങൾക്കുമാത്രം മത്സ്യബന്ധനം നടത്തുന്ന തിനും അനുവദിച്ചിട്ടുണ്ട്. താനൂർ ഫിഷിംഗ് ഹാർബറിനായി 44.87 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിക്ക് ഭരണാനുമതി നൽകുകയും ടെണ്ടർ വിളിക്കുകയും ചെയ്തിട്ടുണ്ട്. മത്സ്യമേഖലയിലെ വിവിധ പദ്ധതി കൾക്കായി കഴിഞ്ഞ സാമ്പത്തിക വർഷം കേന്ദ്ര ഗവൺമെന്റ് 151.12 കോടി രൂപ സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട്. കേന്ദ്ര സഹായത്തോടുകൂടി മത്സ്യ ത്തൊഴിലാളികളുടെ സുരക്ഷിതത്വത്തിനായി 'തീരസുരക്ഷ' പദ്ധതി സംസ്ഥാ നത്ത് നടപ്പാക്കിവരുന്നു. കാസർഗോഡ് ഹാർബറിന്റെ അടിസ്ഥാന സൗകര്യ ങ്ങൾ വർദ്ധിപ്പിക്കുന്നതിനും നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും കേന്ദ്ര ഗവൺമെന്റ് ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും മത്സ്യയാനങ്ങളുടെ സംയുക്ത പരിശോധന പൂർത്തിയാക്കുന്ന മുറയ്ക്ക് മണ്ണെണ്ണ പെർമിറ്റ് നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യ ങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

22 (*154) <u>വിമുക്തഭടന്മാരുടെ പ്രശ്നങ്ങൾ</u>

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) നൽകിയ മറുപടിയിൽ, കേരളത്തിൽ രണ്ടര ലക്ഷത്തോളം വിമുക്തഭടന്മാരുണ്ടെന്നും അവരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി സംസ്ഥാന വിമുക്തഭട വികസന പുനരധിവാസ കോർപ്പറേഷൻ നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് കെക്സ്കോൺ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്നും ഇതിൽ തുടർനടപടികൾ സ്വീകരിച്ചുവരികയാണെന്നും സഭയെ അറിയിച്ചു. വിമുക്തഭടന്മാർക്കായി Speciality Veteran Hospital സ്ഥാപിക്കുക, വൺ റാങ്ക് വൺ പെൻഷൻ നടപ്പിലാക്കുക, തുടർച്ചയായി 5 വർഷമെങ്കിലും സൈന്യസേവനം അനുഷ്ഠിച്ചവർക്ക് പെൻഷൻ ഏർപ്പെടുത്തുക തുടങ്ങി റിപ്പോർട്ടിലെ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ട പ്രധാന നിർദ്ദേശങ്ങൾ കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന് സമർപ്പിക്കുകയും സർക്കാർ ജോലിയിൽ സംവരണം ഉറപ്പാക്കുക, കെക്സ്കോൺ പുന:സംഘടിപ്പിക്കുക തുടങ്ങി സംസ്ഥാനതലത്തിൽ സ്വീകരിക്കേണ്ട ശുപാർശകളിന്മേൽ പഠനം നടത്തി സമഗ്രമായ റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കുവാൻ സൈനിക ക്ഷേമ ഡയറക്ടറോടും കെക്സ്കോൺ എം.ഡി-യോടും ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. വിമുക്തഭടന്മാർക്കുള്ള പോളിക്ലിനിക്കുകളുടെ പണി ഏഴ് ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. മറ്റു ജില്ലകളിൽ സ്ഥലം കിട്ടുന്ന മുറയ്ക്ക് ആരംഭിക്കുന്നതാണ്. ഗവൺമെന്റ്/അർദ്ധ ഗവൺമെന്റ് സ്ഥാപനങ്ങളിൽ അവരുടെ സേവനം വിനിയോഗിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കുന്നതാണെന്നും ഗൺ ലൈസൻസുള്ള വിമുക്തഭടന്മാർക്ക് ജോലി ലഭിക്കുന്നതിനുള്ള സാധ്യത കൂടുതലായതിനാൽ ലൈസൻസ് പുതുക്കിക്കൊടുക്കുന്നതിനുള്ള ശ്രമം നടത്തുന്നതാണെന്നും ഏറ്റുമുട്ടലുകളിൽ മരിക്കുന്ന

വരുടെ കുടുംബാംഗങ്ങൾക്ക് വീട് വയ്ക്കുന്നതിനും മറ്റുമായി ഭൂമി നൽകുന്നതിന് പ്രത്യേകം ശ്രദ്ധിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി 155 മുതൽ 180 വരെയുള്ള ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1635 മുതൽ 1988 വരെയുള്ള ചോദ്യങ്ങളിൽ 130 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)